കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവില്വാമല ഗ്രാമപഞ്ചായത്ത് - രണ്ട് പ്രോജക്ടുകൾ - ഭേദഗതി വരുത്തുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.376/2018/തസ്വഭവ

തിരുവനന്തപുരം, തീയതി, 07.02.2018

വായന :- 1. തിരുവില്വാമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.11.2017-ലെ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1701/2018- 4.35 നമ്പർ തീരുമാനം

## ഉത്തരവ്

തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2017–18 ൽ സ്പിൽ ഓവറായി നിർമ്മാണം പൂർത്തിയാക്കിയെന്നും നിർമ്മാണം നടത്തിയത് ടെണ്ടർ മുഖേനയാണെന്നും എന്നാൽ പ്രോജക്ടിൽ ചേർത്തിരുന്നത് ഗുണഭോക്തൃ സമിതി മുഖേന എന്നാണെന്നും ആയതിനാൽ പ്രോജക്ടിൽ ഗുണഭോക്തൃ സമിതി മുഖേന എന്നതിനു പകരം ടെണ്ടർ എന്നു ഭേദഗതി വരുത്താൻ അനുമതി നൽകണമെന്ന് മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം തിരുവില്വാമല ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

1) പ്രോ.നം.90/18- പാമ്പാടി, തിരുവില്വാമല വില്ലേജുകളിൽ അടങ്കൽ 4,07,000 രൂപ
കുടിവെള്ള സൗകര്യ മൊരുക്കൽ
2) പ്രോ.നം. 91/18 കണിയാർക്കോട് വില്ലേജിൽ കുടിവെള്ള " 4,07,000 രൂപ
സൗകര്യമൊരുക്കൽ

2) മുകളിൽ രണ്ടാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു പ്രസ്തുത യോഗത്തിന്റെ 4.35 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രോജക്ടുകളിൽ ഗുണഭോക്തൃ സമിതി മുഖേന എന്നതിനു പകരം ടെണ്ടർ എന്നു ഭേദഗതി വരുത്താൻ തിരുവില്വാമല ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു. ഇതിനാവശ്യമായ ക്രമീകരണം ഐ.കെ.എം നടത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രസിഡണ്ട്, തിരുവില്വാമല ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ പിൻ 680588
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ(റൂറൽ) പി.എയ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ